**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 679.** **30.06.2016 ന് മറുപടിയ്ക്ക്**

## വ്യാജ അരിഷ്ടങ്ങളുടെ വിപണനം തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കരുനാഗപ്പള്ളിയുടെ വിവിധ ഭാഗങ്ങളിൽ വ്യാജ അരിഷ്ടങ്ങൾ വിപണനം നടത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ, 2015 ഏപ്രിൽ മുതൽ 2016 മെയ് 31 വരെ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ലഹരി കലർത്തിയ അരിഷ്ടങ്ങൾ വിപണനം ചെയ്യുന്ന ഏതെങ്കിലും പ്രത്യേക കമ്പനികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ,എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉൽപാദനത്തിനും വിപണനത്തിനും ലൈസൻസുള്ള എത്ര ആയുർവേദ മരുന്ന് കമ്പനികൾക്കെതിരെ ഇത്തരം കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രി ക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങ ളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | അനധികൃതമായ വ്യാജ അരിഷ്ട നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ എക്സൈസ് വകുപ്പ് കർശന നടപടി സ്വീകരിച്ച് വരുന്നു. നിലവിലുള്ള |

| | | | |
|---|---|---|---|
| | | | 1969 ലെ കേരള സ്പിരിച്ചസ് പ്രിപ്പറേഷൻസ് കൺട്രോൾ റൂൾസ് കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 14.1.2015 ലെ G.O.(P) 13/2015/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും, പിഴ തുക 5,000/- രൂപയിൽ നിന്നും 30,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതുമാണ്. ലൈസൻസുകൾ അനുവദിക്കുന്നതിലും നിലവിലെ ലൈസൻസുകൾ പ്രവർത്തിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ലൈസൻസ് സ്ഥാപനങ്ങൾ പരിശോധിക്കുകയും, ആയത് വ്യവസ്ഥകൾക്ക് അനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നുമുണ്ട്. |

**സെക്ഷൻ ഓഫീസർ**